# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P9/1861/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സമസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(2)ജോയിന്റ് ഡയറക്ടർ,, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്
(3)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്
(4)കാര്യാലയപ്രതി

നമ്പർ: KSA/KKD/P9/1861/2023 തീയ്യതി: 23/12/2023

## കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ
## 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-09-2022 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാബു റിയാസുദ്ദീൻ | ജോയിന്റ് ഡയറക്ടർ | 04-12-2023 | 12-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2023 | 12-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ശ്രീജ തെക്കൻ , ഓഡിറ്റ് ഓഫീസർ (06-12-23 മുതൽ)

ശ്രീമതി.ജിഷ സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി. ലത. ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ(06-12-23 മുതൽ)

ശ്രീമതി. അശ്വതി.ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രിയ. പി | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ ബാബു നെല്ലൂളി | പ്രസിഡന്റ് | 01-04-2022 | 06-02-2023 |

| | | | |
|---|---|---|---|
| ശ്രീമതി മൈമൂന(ചാർജ്ജ്) | പ്രസിഡന്റ് | 07-02-2023 | 24-02-2023 |
| ശ്രീ ടി.പി.മാധവൻ | പ്രസിഡന്റ് | 25-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിന്ധു. എൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. മനുലാൽ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, ചെറുവാടി)) | 01-04-2022 | 31-03-2023 |
| ശ്രീമതി. ഹിദ. എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. രൂപ നാരായണൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. വിപിൻ ദാസ്. പി | ഇൻഡസ്ട്രിസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സുബൈദ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അനിത കുമാരി | ശിശു വികസന പദ്ധതി ഓഫീസർ (മുക്കം) | 01-04-2022 | 16-12-2022 |
| ശ്രീമതി.ഷീജ.വി.ടി | ശിശു വികസന പദ്ധതി ഓഫീസർ (മുക്കം) | 17-12-2022 | 31-03-2023 |
| ശ്രീ. മുകേഷ്. ടി.എം | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 01-11-2022 |
| ശ്രീ. ശൈലേഷ്.ഐ.പി | പട്ടികജാതി വികസന ഓഫീസർ | 02-11-2022 | 31-03-2023 |
| ശ്രീമതി.റൂബി നസീർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 26-09-2022 |
| ശ്രീ.ആസിഫ് അലി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ട് വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ ചെലവ് കാണിച്ചിട്ടില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 1-1-6 |
| 8 | വരവ് ചെലവുകൾ ട്രയൽബാലൻസിൽ പ്രതിഫലിച്ചിട്ടില്ല. | 1-1-7 |
| 9 | വാടക- വാർഷിക ധനകാര്യ പത്രികയും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | റിഡംപ്ഷൻ ഇനത്തിൽ ലഭ്യമാവാനുള്ള തുക പൂർണ്ണമായും തിരികെ ലഭിച്ചില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | നിഷ്ക്രിയ ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിക്കുന്നു | 1-1-11 |
| 13 | അഡ്വാൻസ് രജിസ്റ്റർ അപാകത | 1-1-12 |
| 14 | ഡിപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ സംബന്ധിച്ച വിവരം ലഭ്യമല്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം ) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല | 1-6 |
| 20 | പുതുക്കുടിക്കുന്ന് എസ്.സി. കോളനി നവീകരണം - അളവു രേഖപ്പെടുത്തിയതിൽ പിശക് -കരാറുകാരന് അധികതുക നൽകി | 1-7 |
| 21 | ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം /വിവിധഏജൻസികൾക്ക് തുക നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമല്ല. | 1-8 |
| 22 | ദ്വിതീയ സ്വാന്തന പരിചരണം - കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. | 1-9 |
| 23 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല. | 1-10 |
| 24 | പി.എം.എ വൈ ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല. | 1-11 |
| 25 | ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല | 1-12 |
| 26 | പഠന മുറി- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 1-13 |
| 27 | വി.ഇ.ഒമാർക്ക് ലാപ്ടോപ്പ് - ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കാത്തതും ലാപ്ടോപ്പ് വിതരണം ചെയ്യാത്തതും സംബന്ധിച്ച് | 1-14 |
| 28 | പൊതു മരാമത്ത് പ്രവൃത്തി - എസ്റ്റിമേറ്റുകളിലെ അപാകതകൾ | 1-15 |
| 29 | കരിയാത്തൻകാവ് കുളം നവീകരണം -പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കിയതും മറ്റപാകതകളും | 1-16 |
| 30 | ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യുതിന് കണ്ടിജൻസി തുക ചെലവഴിച്ചു | 1-17 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | പുതുക്കുടിക്കുന്ന് എസ്.സി. കോളനി നവീകരണം - അളവു രേഖപ്പെടുത്തിയതിൽ പിശക് -കരാറുകാരന് അധികതുക നൽകി | 3-1 |

| | | |
|---|---|---|
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 14.07.2023 ലെ 22 /23-24 തീരുമാനം പ്രകാരം തയ്യാറാക്കി 15/07/23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022 - 23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ(റേഷ്യോസ്), അക്കൗണ്ട് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം ഇവ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 അക്കൗണ്ട് വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.**

ഐ.ഡി.ബി.ഐ ബാങ്കിന്റെ SWACH BHARATH 148498 നമ്പർ അക്കൌണ്ട്, വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.ഇടപാടുകൾ ഇല്ലെങ്കിലും വാർഷിക കണക്കിൽ അക്കൌണ്ടിന്റെ വിശദാംശങ്ങൾ കാണിക്കേണ്ടതാണ്.

**1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിലെ സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിന് സാധ്യമായ രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-1-4 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ ചെലവ് കാണിച്ചിട്ടില്ല.**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പല പ്രവർത്തികൾക്കും പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ടെങ്കിലും അവയുടെ മൂല്യം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ കാണിച്ചിട്ടില്ല.

**1-1-5 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.**

ക്യാഷ്-ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

"Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയത് 5144342 രൂപയാണ്. ഈ കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി കാണിച്ചിട്ടുള്ളത് 6739215 രൂപയാണ്.

**1-1-6 ഇ - ടെണ്ടർ ഫീ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല**

ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കുമ്പോഴുള്ള ടെണ്ടർ ഫീ തുക നാളിതുവരെ ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. കൂടാതെ നാളിതുവരെ ടെണ്ടർ ഫീ ആയി ലഭിക്കേണ്ടിയിരുന്ന തുക റിസീവബിൾസായി ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 വരവ് ചെലവുകൾ ട്രയൽബാലൻസിൽ പ്രതിഫലിച്ചിട്ടില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-1 Excess Of Icome Over Expenditure ഹെഡിന്റെ വരവ് ചെലവുകൾ ട്രയൽബാലൻസിൽ പ്രതിഫലിച്ചിട്ടില്ല.

**1-1-8 വാടക- വാർഷിക ധനകാര്യ പത്രികയും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

വാടകയിനത്തിൽ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലഭ്യമായ Areear തുക 46530 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 41700/- രൂപയാണ്.

**1-1-9 റിഡംപ്ഷൻ ഇനത്തിൽ ലഭ്യമാവാനുള്ള തുക പൂർണ്ണമായും തിരികെ ലഭിച്ചില്ല**

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം 10058063/- രൂപയാണ് Redemption ഇനത്തിൽ ലഭ്യമാകാനുണ്ടായിരുന്നത്. എന്നാൽ 9871073/- രൂപയാണ് തൻ വർഷം ലഭ്യമായത്. ബാക്കി തുകയായ 186990/- രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-10 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

വാർഷിക കണക്ക് B-7 പ്രകാരം Deposit Received ആയി വിവിധ ഹെഡുകളിൽ ആകെ ഡെപ്പോസിറ്റ് ഇനത്തിൽ 10994523/- രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇലക്ഷൻ ഡിപ്പോസിറ്റ് ഇനത്തിൽ 124000/- രൂപ

നീക്കിയിരിപ്പുണ്ട്. ഇലക്ഷൻ ഡിപ്പോസിറ്റും കാലാവധി കഴിഞ്ഞ മറ്റു ഡെപ്പോസിറ്റുകളും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

**1-1-11 നിഷ്ക്രിയ ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിക്കുന്നു**

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ പേരിലുള്ള പല ബാങ്ക് അക്കൌണ്ടുകളും വർഷങ്ങളായി ഇടപാടുകൾ നടക്കാത്തവയാണ്. ഉദാഹരണം: PNB 54778 SWACH BHARATH, PNB 32891 IAY, PNB 56022 Health Grant, SBT SAKSHARATHA. പ്രത്യേക സർക്കാർ നിർദ്ദേശമില്ലാതെ നിഷ്ക്രിയമായി തുടരുന്ന ബാങ്ക് അക്കൌണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

**1-1-12 അഡ്വാൻസ് രജിസ്റ്റർ അപാകത**

തൻവർഷം അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ വരുത്തിയിട്ടില്ല. സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-13 ഡിപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.**

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് 2022 -23 വർഷത്തെ വാർഷിക കണക്കിനോടൊപ്പം ലഭ്യമാക്കിയ അധിക വിവരങ്ങൾ പ്രകാരം നിർവഹണ ഏജൻസികൾക്ക് മൂന്ന് പദ്ധതികൾക്കായി തുക മുൻകൂർ നൽകിയിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ചത് |
|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ | മാമ്പുഴ VCB | 24/04/20 | 1500000 | ----- |
| ഭൂജല വകുപ്പ് | പെരുമണ്ണ പകൽ വീട് | 31/01/22 | 38755 | ------ |
| കേരള വാട്ടർ അതോറിറ്റി | താത്തൂർ വെങ്ങാട്ടിരി പൈപ്പ് ലൈൻ | 03/03/21 | 700000 | ------- |
| ആകെ | | | 2238755 | |

പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ തുക ചെലവഴിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. എന്നാൽ തൻ വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം Loans, Advances, And Deposits ഇനത്തിൽ വിവിധ ഹെഡുകളിലായി 821741/- രൂപ ഉണ്ട്. ഈ തുകയിൽ മേൽ പ്രവർത്തികൾക്കായി നൽകിയ തുക ഉൾപ്പെട്ടിട്ടുണ്ടോ എന്ന വിവരവും പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ലെ നീക്കിയിരിപ്പ് തുക ഏതൊക്കെ ഇനങ്ങൾ ഉൾപ്പെട്ടതാണ് എന്നത് വ്യക്തമാകുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-2 ബജറ്റ്**

കുന്ദമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 18.03.2022 തീയതിയിലെ 1/21-22 നമ്പർ തീരുമാന പ്രകാരവും പരിഷ്കരിച്ച ബജറ്റ് 21.03.2023 തീയതിയിലെ 91/21-22 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| മുൻബാക്കി | 80154406 |
| വരവ് | 569500000 |
| ആകെ | 649654406 |
| ചെലവ് | 598100400 |
| നീക്കിയിരിപ്പ് | 51554006 |

## 1-3 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 14941378 |
| വരവ് | 122944986 |
| ആകെ | 137886364 |
| ചെലവ് | 117800644 |
| നീക്കിയിരിപ്പ് | 20085720 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുൻബാക്കി | വരവ് (ACR പ്രകാരം) | ആകെ | ചെലവ് (ACR പ്രകാരം) | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 43487000 | 43487000 | 42312189 | 1174811 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 23249000 | 23249000 | 20547122 | 2701878 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 744000 | 744000 | 661334 | 82666 |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 11806000 | 11806000 | 8479092 | 3326908 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-(Untied) ട്രഷറി മുഖേന | 0 | 105608 | 105608 | 98448 | 7160 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-(Untied) ബാങ്ക് മുഖേന | 2672804 | 7057577 | 9730381 | 7004942 | 2725439 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- (Tied) ട്രഷറി മുഖേന | 0 | 1837306 | 1837306 | 1374999 | 462307 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- (Tied) ബാങ്ക് മുഖേന | 2795549 | 10517000 | 13312549 | 6310512 | 7002037 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 136 | 132135915 | 118 | 100995057 | 18 | 86.76 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ചൈൽഡ് ഡവലപ്പമെന്റ് പ്രോജക്ട് ഓഫീസർ | 5 | 5 | 8565000 | 8506158 | 99.31 |
| പട്ടികജാതി വികസന ഓഫീസർ | 4 | 4 | 3550000 | 3453272 | 97.27 |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 9 | 7 | 4768000 | 3544674 | 74.34 |
| അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 3 | 3 | 1785200 | 1785200 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 8751680 | 7836859 | 89.54 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10 | 10 | 20194835 | 12171079 | 60.26 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 66 | 57 | 38838644 | 25190706 | 64.85 |
| ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2500000 | 1875000 | 75 |
| ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | 34 | 30 | 43182556 | 36632109 | 84.83 |
| ആകെ | 136 | 118 | 132135915 | 100995057 | 76.43 |

ഓഡിറ്റ് വർഷം ആകെ പദ്ധതി അടങ്കലായി 132135915-രൂപ വകയിരുത്തിയതിൽ 100995057/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2288185/-രൂപ തനതു ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

1-10-22ലെ 1/2022-2023 ഓഫീസ് ഉത്തരവ് പ്രകാരം ബ്ളോക്ക് പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്വങ്ങൾ വിഭജിച്ച നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ട്. 2022-23 ൽ 21 തവണ സ്റ്റാഫ് മീറ്റിംഗ് വിളിച്ച കൂട്ടിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്ന വിവരാവകാശ രജിസ്റ്ററും പരാതി രജിസ്റ്ററും ആവശ്യമായ വിവരങ്ങൾ ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. 24-9-2010 ലെ 86/2010/ഫിൻ നമ്പർ സർക്കുലർ പ്രകാരം ധനവകുപ്പ് നിർദ്ദേശിച്ച രീതിയിലുള്ള സോഫ്റ്റ്‌വെയർ, ഹാർഡ് വെയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജി.എസ്.ടി,ഇൻകം ടാക്സ് എന്നിവയുടെ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ സ്വകാര്യ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തി തനത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട് . ( വിശദാംശങ്ങൾക്കായി ഖ- 1-18 കാണുക .)

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 പുതുക്കുടിക്കുന്ന് എസ്.സി. കോളനി നവീകരണം - അളവു രേഖപെടുത്തിയതിൽ പിശക് -കരാറുകാരന് അധികതുക നൽകി

പ്രോജക്റ്റ് നം.: 159/23

അടങ്കൽ : 5,00,000/-വികസനഫണ്ട് എസ്.സി.പി.

ചെലവ് : 4,75,416/-ബിൽ നം.383/28.3.23

അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പദ്ധതിയിൽ പ്രസ്തുത കോളനിയുടെ ഒരു ഭാഗത്ത് കരിങ്കൽ ഭിത്തി കെട്ടി, കെട്ടിനിടയിലും മുകളിലും കോൺക്രീറ്റ് ബെൽറ്റ് നൽകുകയാണുണ്ടായത്. ഏകദേശം 37.4 M നീളത്തിലാണ് കരിങ്കൽ ഭിത്തി കെട്ടിയത്. ഫൗണ്ടേഷന മുകളിൽ കരിങ്കൽ കെട്ടിയ അളവിലും, ബെൽറ്റ് നിർമ്മിച്ച അളവിലും ചുവടെ കൊടുക്കും വിധം അവ്യക്തത കണ്ടതിനാൽ പ്രസ്തുത പ്രവൃത്തി നേരിൽ പരിശോധിക്കുകയുണ്ടായി. ഫൗണ്ടേഷന മുകളിലെ കരിങ്കൽഭിത്തിയുടെ മുകൾ ഭാഗം അവസാനിക്കുന്നത് 80cm, 90cm വീതിയിലും, മിഡിൽ ബെൽറ്റിന മുകളിലിലെ ഭാഗം അവസാനിക്കുന്നത് 50cmവീതിയിലുമാണ്. എന്നാൽ അളവു പുസ്തകത്തിൽ കരിങ്കൽകെട്ടിന്റെ അളവിലും, കോൺക്രീറ്റ് ബെൽറ്റുകളുടെ അളവിലും വ്യത്യാസം കാണുന്നു. അളവു പുസ്തകം പ്രകാരമുള്ള അളവുകളും, യഥാർത്ഥത്തിലുള്ള അളവുകളും താഴെ ചേർക്കും വിധമാണ്.

| ഫൗണ്ടേഷന മുകളിലെ DR അളവുകൾ | മിഡിൽ ബെൽറ്റ് അളവ് | | | മിഡിൽ ബെൽറ്റിന മുകളിലെ DR | | |
|---|---|---|---|---|---|---|
| | അളവു പുസ്തകത്തിൽ | യഥാർത്ഥത്തിൽ അളവ് | വ്യത്യാസം | അളവു പുസ്തകത്തിൽ | യഥാർത്ഥത്തിൽ അളവ് | വ്യത്യാസം |
| 6x(.95+80)/2 X1.2 | 6x(.8+1.25)/2x.15 =.922 | 6x.8x.15=.72 | $0.202m^3$ | 6x(1.03+.5)/2 X1=4.59 | 6x(.8+.5)/2x1 =3.9 | $0.69m^3$ |
| 7.5x(.95+.80)/2 X(1.2+1.3)/2 | 7.5x(1.25+1.3)/2x.15 =1.434 | 7.5x.8x.15=.9 | $0.534m^3$ | 7.5x(1.3+.5)/2 X1=6.75 | 7.5x(.8+.5)/2x1 =4.875 | $1.875m^3$ |

| | | | | | | |
|---|---|---|---|---|---|---|
| 6.8x(1.1+.9)/2 X1.4 | 8x1x.15=1.2 | 6.8x.9x.15=.918 | 0.138 $M^3$ | 8x(1+.5)/2 X1.08=6.48 | 8x(.8+.5)/2x1.08 =5.616 | 0.864$m^3$ |
| 1.2x.8x(1.4+.75)/2 | | 1.2x.8x.15=.144 | | | | |
| ആകെ | | | 0.874 $M^3$ | | | 3.429$m^3$ |

മുകളിൽ വിവരിച്ച വിധത്തിൽ അളവ് രേഖപ്പെടുത്തിയതിലെ അപാകത കാരണം കോൺക്രീറ്റിനായി 6555/-(0.874x7500)രൂപയും, കരിങ്കൽ കെട്ടിനായി 12002/-(3.429x3500)രൂപയും അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

മുകളിൽ വിവരിച്ചത് കൂടാതെ കരിങ്കൽ ഭിത്തിയ്ക്ക് മുകളിലെ ടോപ് ബെൽറ്റ് അളവ് രേഖപ്പെടുത്തിയത് രണ്ട് വീതം ബെൽറ്റ് എന്ന വിധമാണ്. എന്നാൽ ഇത് ക്ലറിക്കൽ തെറ്റ് വന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. അളവ് പുസ്തകം പ്രകാരം ആകെ 2.79$m^3$ കോൺക്രീറ്റ് ഇതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈയളവിന്റെ പകുതി മാത്രമേ(ഒരു ബെൽറ്റ്) യഥാർത്ഥത്തിൽ നടന്നിട്ടുള്ളൂ. ഈയിനത്തിൽ കരാറുകാരന് 10463/-(1.395$m^3$x7500)രൂപ അധികം നൽകിയിട്ടുണ്ട്.

മേൽ വിവരിച്ച രീതിയിൽ ഈ പ്രവൃത്തിയിൽ ആകെ 29,020/-രൂപ കരാറുകാരന് അധികം ലഭിച്ചിട്ടുണ്ട്. അധികമായി നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

**1-8 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം /വിവിധഏജൻസികൾക്ക് തുക നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമല്ല.**

2022-23 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ മുഖേന ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതവും വിവിധ ഏജൻസികൾക്ക് തുകയും നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ബിൽ സാങ്ഷൻ നമ്പർ, തിയതി/തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|
| 1. | 88/23 പൊയ്യ അംഗൻവാടി(കുന്ദമംഗലം) | 373/28-3-23 300000 | വികസന ഫണ്ട് (പൊതു വിഭാഗം) | കുന്ദമംഗലം പഞ്ചായത്തിന് തുക കൈമാറി. |
| 2. | 168/23 ഗോതമ്പ് റോഡ്-വേർങ്ങോട്ടിൽ | 340/21-3-23 1000000 | വികസന ഫണ്ട് (പൊതു വിഭാഗം) | റോഡ് നിർമ്മാണത്തിന് കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിന് തുക കൈമാറി |
| 3. | 97/23 തെഞ്ചേരി പറമ്പ് പ്രിയദർശിനി റോഡ്(കൊടിയത്തൂർ) | 331/17-3-23 81031 | വികസന ഫണ്ട് (പൊതു വിഭാഗം) | റോഡ് നിർമ്മാണത്തിന് കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിന് തുക കൈമാറി |
| 4. | 102/23 മാവൂർ 13 അങ്കണവാടി | 40/29-3-23 273584 | വികസന ഫണ്ട് (പൊതു വിഭാഗം) | അങ്കണവാടി നിർമ്മാണത്തിന് മാവൂർ ഗ്രാമ പഞ്ചായത്തിന് തുക കൈമാറി |
| 5. | 85/23 തോട്ടുമുക്കം യു.പി .സ്കൂൾ | 374/28-3-23 | വികസന ഫണ്ട് | കൊടിയത്തൂർ ഗ്രാമ |

| | | | | |
|---|---|---|---|---|
| | ഗേറ്റ് നിർമ്മാണം (കൊടിയത്തൂർ) | 300000 | (പൊതു വിഭാഗം) | പഞ്ചായത്തിന് തുക കൈമാറി |
| 6 | 81/23 കുറ്റിക്കോട്ടുമ്മൽ അങ്കണവാടി | 375/28-3-23<br>499997 | വികസന ഫണ്ട് (പൊതു വിഭാഗം) | കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിന് തുക കൈമാറി |
| 7 | 147/23<br>പാലിയേറ്റീവ് യൂണിറ്റുകൾക്ക് തുക കൈമാറൽ | 350/23-3-23<br>200000 | വികസന ഫണ്ട് (പൊതു വിഭാഗം) | പെരുമണ്ണ ഗ്രാമ പഞ്ചായത്തിന് തുക കൈമാറി |
| 8 | 146/23<br>മുതുപറമ്പ അദാടിക്കുന്ന് റോഡ്-കൊടിയത്തൂർ | 378/28-3-23<br>300000 | വികസന ഫണ്ട് (എസ്.സി.പി) | കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിന് തുക കൈമാറി |
| 9 | 44/23<br>ഐ.കെ.എം സാങ്കേതിക സഹായം | 103/6-12-22<br>216/31-1-23<br>85234 | വികസന ഫണ്ട് (പൊതു വിഭാഗം) | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം ന് കൈമാറി |
| 10 | 144/23<br>കില CHRD ക്വാർട്ടേഴ്സ് തുക കൈമാറൽ | 84/17-11-22<br>275/10-3-23<br>300000 | വികസന ഫണ്ട് (പൊതു വിഭാഗം) | കില ഡയറക്ടർക്ക് കൈമാറി |
| | ആകെ | 3339846 | | |

ഗ്രാമ പഞ്ചായത്തുകളുടെ TSB/ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയ വിഹിതത്തിന്റെയും വിവിധ ഏജൻസികൾക്ക് നൽകിയ തുകയുടെയും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി (8/2022-23/ 11/12/2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 3339846 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-9 ദ്വിതീയ സ്വാന്തന പരിചരണം - കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ട് നം | S117/23 |
| പ്രോജക്ടിന്റെ പേര് | ദ്വിതീയ സ്വാന്തന പരിചരണം |
| അടങ്കൽ | 15,00,000 (വികസനഫണ്ട് -ജനറൽ ) |
| ചെലവ് | 1499864/- (വികസനഫണ്ട് -ജനറൽ) |
| ബിൽ സാങ്ഷൻ നം | 1. 320/22-23 /16/03/23 തുക - 1467181/-<br>2. 381/22-23 /16/03/23 തുക - 32683/-<br>14,99,864 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി ചെറുവാടി |

ദ്വിതീയ സ്വാന്തന പരിചരണത്തിന്റെ ഭാഗമായി പാലിയേറ്റീവ് മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് 13/03/23 ലെ 5271, 17/03/2023 ലെ 5442 എന്നീ പെർഫോർമ ഇൻവോയിസുകളുടെ അടിസ്ഥാനത്തിൽ ആകെ 14,99,864 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനായി മേൽ ബില്ലുകൾ പ്രകാരം മുൻകൂർ തുക കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നാളിതുവരെ 1292032/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുള്ളത്. ബാക്കി 2,07,832/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. പാലിയേറ്റീവ് ആവശ്യ മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (10/22-23/ 11/12/2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് പാലിയേറ്റീവ് മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ 2,07,832/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**<u>1-10 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല.</u>**

2022-23 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രൊജക്റ്റുകൾ പ്രകാരം വ്യത്യസ്ത ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗവിവരം, പ്രവർത്തികളുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നംപർ | പ്രോജക്റ്റ് നമ്പർ/പേര് | ബിൽ സാങ്ഷൻ നമ്പർ/ തീയ്യതി /ചെലവഴിച്ച തുക | ഡപോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|
| 1. | 120/23 മീറ്റിംഗ് ഹാൾ (എയർ കണ്ടീഷണർ സ്ഥാപിക്കൽ ) | 373/28-3-23<br>444080 | പി.ഡബ്ള്യൂ.ഡി.ഇലക്ട്രിക്കൽ ഡിവിഷൻ,കോഴിക്കോട് |
| 2. | 169/23 ചെറുപുഴ സംരക്ഷണം | 247/21-2-23<br>1000000 | പി.ഡബ്ള്യൂ.ഡി,ഇറിഗേഷൻ ഡിവിഷൻ, സിവിൽ സ്റ്റേഷൻ,കോഴിക്കോട് |
| | ആകെ | 1444080 | |

സ.ഉ.കൈ.നം. 84/2022 എൽ.എസ്.ജി.ഡി തീ. 19-4-22 ഖ.12.2(ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ മേൽ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ ബന്ധപ്പെട്ട വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മേൽ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ

സ്വീകരിച്ചതായ വിവരങ്ങൾ ഫയൽ പ്രകാരം ലഭ്യമല്ല. പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ച് ഫൈനൽ ബിൽ, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് തുകയുടെ വിനിയോഗവിവരം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (4/2022-23/ 11/12/2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച ഫൈനൽ ബിൽ, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 1444080/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-11 പി.എം.എ വൈ ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല.**

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പി.എം.എ.വൈ ഭവന പദ്ധതികൾ പ്രകാരം 2021-22 , 2022-23 സാമ്പത്തിക വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ 5 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പദ്ധതിയുടെ പേര് /പ്രോജക്ട് നം | എഗ്രിമെന്റ് വച്ച തീയ്യതി | ഗ്രാമ പഞ്ചായത്ത് | അർഹമായ ധനസഹായം | നാളിതു വരെ കൈപ്പറ്റിയ തുക | പൂർത്തികരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|---|
| 1 | അജിത, താളിഗ്രാമത്തിൽ | 43/23 പി.എം.എ.വൈ ഭവന പദ്ധതി (എസ്.സി.പി) | 16-2-22 | കാരശ്ശേരി | 400000 | 160000 | ചുമർ |
| 2 | വസന്തW/O വത്സൻ, തോട്ടക്കാട് | 110/23 പി.എം.എ.വൈ ഭവന പദ്ധതി (പട്ടിക വർഗ്ഗം) | 30-3-22 | കാരശ്ശേരി | 600000 | 360000 | ചുമർ |
| 3 | രജിത കെ.പി W/O ഗോപാലൻ പട്ടർചോലയിൽ | 43/23 പി.എം.എ.വൈ ഭവന പദ്ധതി (എസ്.സി.പി) | 30-3-22 | കാരശ്ശേരി | 400000 | 376000 | മേൽക്കൂര |
| 4 | പ്രജീന.കെ.സി W/O ബിജു, ചുടലക്കണ്ടിയിൽ | 43/23 പി.എം.എ.വൈ ഭവന പദ്ധതി (എസ്.സി.പി) | 5-1-23 | കാരശ്ശേരി | 400000 | 376000 | മേൽക്കൂര |
| 5 | ബാലൻ ,തടായിൽ ലക്ഷം വീട് | 43/23 പി.എം.എ.വൈ ഭവന പദ്ധതി (എസ്.സി.പി) | 25-2-23 | കൊടിയത്തൂർ | 400000 | 255000 | മേൽക്കൂര |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (13/2022-23/ 11/12/2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തികരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-12 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിലെ അസി.എക്സി.എഞ്ചിനീയർ, അസി.എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തുമ്പോൾ ഈടാക്കുന്ന ടെണ്ടർ ഫോറം ഫീസ് അസി. എക്സി.എഞ്ചീനീയറുടെ പേരിൽ കുന്നമംഗലം എസ്.ബി.ഐ യിൽ ഉള്ള ബാങ്കിലെ അക്കൗണ്ട് നമ്പർ 37163918409 ലേയ്ക്കാണ് ക്രെഡിറ്റ് ആകുന്നത്. ഓഡിറ്റ് സമയത്ത്(as On 02.12.23) ഈ അക്കൗണ്ടിൽ ആകെ 4,67,379/-രൂപ നീക്കിയിരിപ്പുണ്ട്. ഈ ബാങ്ക് അക്കൗണ്ടിന്റെ 31.10.2019 മുതൽ നാളിതുവരെയുള്ള സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ അക്കൗണ്ടിൽ ഭൂരിഭാഗവും ക്രെഡിറ്റ് എൻട്രികളാണുള്ളത്. എന്നാൽ ഈ തുകകൾ ഇ-ടെണ്ടർ ഫീസിനത്തിൽ വരുന്നവയാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്ന വിധമല്ല Description രേഖപ്പെടുത്തിയിരിക്കുന്നത്. പല തിയ്യതികളിലായി വിവിധ തുകകൾ ചെക്ക് മുഖേന പിൻവലിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ ചെക്ക് ബുക്ക് പരിശോധിച്ചതിൽ പല ചെക്കുകളും IT, GSTഎന്നിങ്ങനെ രേഖപ്പെടുത്തലുകൾ നടത്തിയാണ് പിൻവലിച്ചിട്ടുള്ളത്. ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് നൽകിയതായി കാണുന്നില്ല.

ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് നൽകാത്തതിന്റെ കാരണം വ്യക്തമല്ല. ഈ ബാങ്ക് അക്കൗണ്ട് നിലവിൽ ഏതെല്ലാം ആവശ്യത്തിലേയ്ക്കാണ് ഉപയോഗിക്കുന്നതെന്ന വിവരവും, നാളിതുവരെ ഇ-ടെണ്ടർ ഫീസിനത്തിൽ വന്നിട്ടുള്ള വരവിന്റെ വർഷം തിരിച്ച കണക്കും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക വരവ് വന്നതിന്റെയും ചെലവ് സംബന്ധിച്ച രേഖകളും ലഭ്യമാക്കേണ്ടതും, ടെണ്ടർ ഫീസ് തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-13 പഠന മുറി- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്റ്റ് നം/പേര് | 107/23 പട്ടികജാതിവിദ്യാർത്ഥികൾക്ക് പഠനമുറി |
| ചെലവ് തുക | 2600000(വികസന ഫണ്ട്.എസ്.സി.പി) |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.നിർദ്ദിഷ്ട വിസ്തൃതിയിലാണ് പഠന മുറി നിർമ്മിച്ചതെന്ന് ഉറപ്പുവരുത്തിയില്ല.

സ.ഉ (കൈ) നം.115/2022/തസ്വഭവ.തി.28.5.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7-2-13 ൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോടൊപ്പം 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപവരെ ധനസഹായം നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ആനുകൂല്യം നൽകിയ 16 ഗുണഭോക്താക്കളും നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണ്ണം 120 ചതുരശ്ര അടിയിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ, ഗ്രാമ പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ പെർമിറ്റ് ഉൾപ്പെടെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. പദ്ധതി സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം

എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.കരാർ വച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല.

പ്രൊജക്ട് പ്രകാരം 2022-23 വർഷം എഗ്രിമെന്റ് വച്ച് തുക കൈപ്പറ്റിയ താഴെ കൊടുത്ത ഗുണഭോക്താക്കൾ ഓഡിറ്റ് തീയ്യതി വരെയും പഠനമുറി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക/അവസാന ഗഡു കൈപ്പറ്റിയ തീയ്യതി |
|---|---|---|
| 1 | ആദിത്യ.പി.കെ.<br>D/O ബേബി.പി<br>മാവൂർ പഞ്ചായത്ത് | 125000<br>24-2-23 |
| 2 | അമൃത.ടി.എം<br>D/O മണി.ടി,എം<br>കുരുവട്ടൂർ പഞ്ചായത്ത് | 125000<br>20-2-23 |
| 3 | അഭിനവ്.കെ.കെ<br>S/O അനിൽകുമാർ<br>കുരുവട്ടൂർ പഞ്ചായത്ത് | 125000<br>24-2-23 |
| 4 | രാഹുൽ.എം.കെ<br>S/O രാമൻ.എം.കെ<br>കാരശ്ശേരി പഞ്ചായത്ത് | 125000<br>20-2-23 |
| 5 | നിഖിൽ.കെ<br>S/O അനിൽകുമാർ<br>പെരുമണ്ണ പഞ്ചായത്ത് | 125000<br>14-3-23 |
| 6 | അനശ്രീ.പി.പി<br>D/O സന്തോഷ് കുമാർ.പി.എ<br>പെരുവയൽ പഞ്ചായത്ത് | 125000<br>31-1-23 |
| 7 | അനന്യരാജ്.പി.കെ<br>D/O സംഗീത,പി,കെ<br>കാരശ്ശേരി പഞ്ചായത്ത് | 125000<br>20-2-23 |
| 8 | ഷിനോന<br>D/O നിഷിത.എൻ.കെ<br>കൊടിയത്തൂർ പഞ്ചായത്ത് | 125000<br>02-3-23 |
| 9 | അഭിനന്ദ് കൃഷ്ണ<br>S/O കൃഷ്ണദാസ്.എൻ.കെ<br>പെരുവയൽ പഞ്ചായത്ത് | 125000<br>14-3-23 |
| 10 | വിസ്മയ.ആർ.രമേഷ്<br>D/O രമേഷ് | 125000<br>25-3-23 |

| | | |
|---|---|---|
| | കൊടിയത്തൂർ പഞ്ചായത്ത് | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (3/2022-23/ 11/12/2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും 2023-24 വർഷത്തെ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പ്രസ്തുത അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-14 വി.ഇ.ഒമാർക്ക് ലാപ്ടോപ്പ് - ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കാത്തതും ലാപ്ടോപ്പ് വിതരണം ചെയ്യാത്തതും സംബന്ധിച്ച്**

ബ്ലോക്ക് പഞ്ചായത്തിലെ വി.ഇ.ഒ-മാർക്ക് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ GEM പോർട്ടലിൽ നിന്നും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 19/23(സ്പിൽ ഓവർ) പ്രോജക്ട് പ്രകാരം തൻ വർഷം 681682/- രൂപ ചെലവഴിച്ച് 16 ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്. വിശ്വാസ് കംപ്യൂട്ടേഴ്സ്, കുന്ദംകുളം എന്ന സ്ഥാപനത്തിൽ നിന്നും 2021-22,2022-23 എന്നീ വർഷങ്ങളിൽ നടത്തിയ വ്യത്യസ്ത പർച്ചേസ് ഓർഡറുകൾ മുഖേന താഴെ കൊടുത്തിരിക്കുന്ന ഇൻവോയ്സുകൾ പ്രകാരമാണ് ലാപ്ടോപ്പുകൾ വാങ്ങിയിരിക്കുന്നത്.

| ഇൻവോയ്സ് നം,തീയ്യതി | ചെലവഴിച്ച തുക | ലാപ്ടോപ്പിന്റെ എണ്ണം |
|---|---|---|
| 256/14-5-22 | 471842 | 11 |
| 726/1-8-22 | 209840 | 5 |
| ആകെ | 681682 | 16 |

പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ബിൽ തുകയിൽ നിന്ന് ടി.ഡി.എസ്. ഈടാക്കിയില്ല

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) ലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ലാപ്ടോപ്പ് വാങ്ങിയപ്പോൾ SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴവൻ തുകയും സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട് . ഒരു വർഷത്തിൽ സ്ഥാപനം വിതരണം ചെയ്യുന്ന ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യത്തിൽ ബില്ലുകളിൽ നിന്നും SGST, CGST

ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കേണ്ടതാണ് എന്നിരിക്കെ ആകെ മൂല്യം 681682 രൂപ ഉണ്ടായിട്ടും ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല.

2. ലാപ്ടോപ്പുകൾ മുഴുവൻ വിതരണം ചെയ്തില്ല.

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ ലാപ്ടോപ്പുകളിൽ 15 എണ്ണം മാത്രമേ വി.ഇ.മാർക്ക് വിതരണം ചെയ്തതായി കണ്ടുള്ളൂ. ടെണ്ടർ ഫയൽ, ബിൽ എന്നിവ പ്രകാരം ലാപ്ടോപ്പുകൾക്ക് 1 വർഷത്തെ ബാറ്ററി വാറന്റിയും 3 വർഷത്തെ OEM വാറന്റിയുമാണ് കമ്പനി നൽകിയിരിക്കുന്നത്. ഭൗതിക പരിശോധനയിൽ ലാപ്ടോപ്പുകൾ വാങ്ങി ഒന്നര വർഷം കഴിഞ്ഞിട്ടും ഒരെണ്ണം വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (5/2022-23/ 11/12/2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 681682 രൂപയുടെ 2% നികുതിയായ 13634 രൂപ ഈടാക്കി ജി.എസ്.ടി വകുപ്പിനടച്ച് അറിയിക്കേണ്ടതും വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന ലാപ്ടോപ്പ് പ്രൊജക്ടിൽ നിർദ്ദേശിച്ച പ്രകാരം വിതരണം ചെയ്ത് അറിയിക്കേണ്ടതുമാണ്.

## 1-15 പൊതു മരാമത്ത് പ്രവൃത്തി - എസ്റ്റിമേറ്റുകളിലെ അപാകതകൾ

2022-23 വർഷത്തിൽ അസി.എക്സി.എഞ്ചിനീയർ, അസി.എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും, അവയുടെ നിർവ്വഹണത്തിലും ഗുരുതരമായ വീഴ്ചകൾ സംഭവിക്കുന്നതായും, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അലംഭാവം കാണിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**I. പ്രവൃത്തി പൂർത്തീകരണ ശേഷം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു**

ഒരു പ്രവൃത്തി നടന്നു വരുമ്പോൾ അതിൽ എന്തെങ്കിലും ഒഴിവാക്കലുകളോ കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ ഉണ്ടാകുമ്പോഴും, യഥാർത്ഥ രൂപകല്പനയിൽ നിന്ന് വലിയ ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകുമ്പോഴും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പണി പൂർത്തിയാകുന്നതുവരെയോ, പ്രവൃത്തി പരമാവധി പുരോഗതി കൈവരിക്കുന്നത് വരെയോ കാത്തിരിക്കേണ്ടതില്ല. മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് അവസ്ഥകളിൽ ഏതെങ്കിലുമുണ്ടാവുകയാണെങ്കിൽ ഉടൻ തന്നെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അനുമതി വാങ്ങുകയും വേണം. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ എസ്റ്റിമേറ്റ് പുതുക്കിയ വിവിധ പദ്ധതികൾ പരിശോധിച്ചാൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് കാണാം.

ഉദാഹരണം, 1. ചെറുവാടി സി.എച്ച്.സി. ക്വാട്ടേഴ്സ് നവീകരണം, ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയാണ് നിർവ്വഹണം പൂർത്തീകരിച്ചത്. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള ഭരണസമിതി തീരുമാനമെടുക്കുന്നത് 4.11.22നാണ്. പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ 15 എക്സ്ട്രായിനങ്ങളും ഈ തിയ്യതിയ്ക്ക് മുമ്പായി നിർവ്വഹണം നടത്തിയതായി അളവു പുസ്തകത്തിൽ നിന്നും വ്യക്തമാണ്.

2. കരിയാത്തൻകാവ് കുളം നവീകരണം

**II. എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു**

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗം പ്രവൃത്തികളും പല

കാരണങ്ങളാൽ എസ്റ്റിമേറ്റ് പുതുക്കിയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021 ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/2020/CE/LID&EW നമ്പർ സർക്കുലറിൽ കൃത്യമായ/കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെ തീർത്തും അവഗണിച്ചാണ് പഞ്ചായത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതെന്ന് പ്രവൃത്തി ഫയലുകളിൽ നിന്നും വ്യക്തമാകുന്നു.

**III. എസ്റ്റിമേറ്റിൽ തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തുന്നു**

പരിശോധനാ വിധേയമാക്കിയ വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റുകളിൽ അനുയോജ്യമല്ലാത്ത/നിരക്ക കൂടിയ ഇനങ്ങൾ ഉൾപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടു. മണ്ണ് ഫില്ലിംഗ്, മണ്ണ് കുഴിക്കൽ പ്രവൃത്തികളിൽ ഇത്തരത്തിൽ അനുയോജ്യമല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തിയതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവിന് കാരണമാകുന്നുണ്ട്. ഉദാ.കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പറമ്പ് വയോജനപാർക്കിന്റെ ഗ്രൗണ്ട് ഫില്ലിംഗിനായി ഉൾപ്പെടുത്തിയ ഇനം പ്രൈസിലെ 50.2.25.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ട്രഞ്ചുകൾ, പ്ലിന്ത്, ഫൗണ്ടേഷനുകളുടെ സൈഡുകൾ എന്നിവിടങ്ങളിൽ മണ്ണ് ഫിൽ ചെയ്യുന്നതിനുള്ള ഇനമാണെന്ന് മനസ്സിലാക്കാം. അളവു പുസ്തകം(ഇ-എം ബുക്ക്, ഫയൽ നം.58731/2022) പ്രകാരം 13 മീറ്റർ നീളത്തിലും 8.5 മീറ്റർ വീതിയിലും ശരാശരി 1.025മീറ്റർ ഉയരത്തിലും ആണ് മണ്ണ് ഫില്ലിംഗ് നടന്നിരിക്കുന്നത്. ഈ വിധം തുറന്ന പ്രതലത്തിൽ/സ്ഥലത്ത് മണ്ണ് ഫിൽ ചെയ്യുന്നതിന് ഉപയോഗപ്പെടുത്താവുന്നയിനം 50.2.26.1 പ്രൈസിൽ ലഭ്യമാണെന്നിരിക്കെയാണ് നിരക്ക കൂടിയ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്.

പല ജലസംരക്ഷണ പ്രവൃത്തികളിലും ജലസ്രോതസ്സുകളുടെ വലുപ്പം കൂട്ടുന്നതിനും, സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുമായി സൈഡ് കട്ടിംഗ് നടത്തുന്ന പ്രവൃത്തികൾക്കായി ട്രഞ്ച് നിർമ്മാണത്തിനുള്ള ഇനം ഉൾപ്പെടുത്തുന്നതിനാൽ കരാറുകാർക്ക് അധിക തുക ലഭിക്കുന്ന സാഹചര്യമുണ്ടാകുന്നു. ഉദാഹരണമായി, ആനോറ കനാൽ സൈഡ് പ്രൊട്ടക്ഷൻ, മുണ്ടക്കൽ പുത്തൻകുളം റോഡ് കുളം നവീകരണം എന്നീ പ്രവൃത്തികളിൽ മണ്ണ് സൈഡ് കട്ടിംഗിനായി ഉപയോഗപ്പെടുത്തിയത് പ്രൈസിലെ ഇനം 2.8.1ആണ്.

IV. ഒരേതരം പ്രവത്തികൾക്ക് വ്യത്യസ്ത ഇനം എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തുന്നു

വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ഒരേ സ്വഭാവത്തിലുള്ള/ഉപയോഗത്തിനുള്ള പ്രവൃത്തികൾക്കായി വ്യത്യസ്ത ഇനം എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുന്നതായി കാണുന്നു. ഉദാഹരണമായി വിവിധ പ്രവൃത്തികളിലെ കരിങ്കൽ കെട്ടിനു മുകളിൽ നൽകുന്ന കോൺക്രീറ്റ് ബെൽറ്റ്(pcc, Rcc)നിർമ്മാണങ്ങളിൽ 1:2:4, 1:1.5:3, 1:3:6 എന്നീ അനുപാതങ്ങളിൽ ആവശ്യകത ഉറപ്പാക്കാതെ ഉൾപ്പെടുത്തിയതായി കാണുന്നു. തൻവർഷം നടത്തിയ ഭൂരിഭാഗം കനാൽ/തോട് സംരക്ഷണ പ്രവൃത്തികളിലും കരിങ്കൽ സൈഡ് കെട്ടിനു മുകളിൽ കോൺക്രീറ്റ് ബെൽറ്റിനായി ഉൾപ്പെടുത്തിയിരിക്കുന്നത് ഐറ്റം 4.1.5(അനുപാതം 1:3:6) ആണ്. എന്നാൽ ഇതേ രീതിയിൽ പ്രവൃത്തി നടത്തിയ മാമ്പുഴ കനാൽ സൈഡ് പ്രൊട്ടക്ഷനിൽ കെട്ടിനു മുകളിൽ 4.1.3(അനുപാതം 1:2:4) എന്നയിനത്തിലുള്ള കോൺക്രീറ്റാണ് ഉപയോഗപ്പെടുത്തിയത്. ഇതേ രീതിയിൽ RCC ബെൽറ്റ് നൽകിയ വിവിധ കോളനികളുടെ കരിങ്കൽഭിത്തി നിർമ്മാണത്തിൽ 1:2:4, 1:1.5:3 എന്നീ വ്യത്യസ്ത അനുപാതത്തിൽ ബെൽറ്റ് നൽകിയിട്ടുണ്ട്. പ്രോ.നം.67/23പുതിയോട്ടിൽമീത്തൽ എസ്.സി.കോളനിയിൽ കരിങ്കൽകെട്ടിനു മുകളിൽ 1:2:4 അനുപാതത്തിലുള്ള RCC ഇനം 5.1.3നൽകിയപ്പോൾ, അതേ രീതിയിൽ കരിങ്കൽ കെട്ട് നടത്തിയ പ്രോ.നം.159/23 പുതുക്കുടികുന്ന് എസ്.സി. കോളനി നവീകരണത്തിൽ 1:1.5:3 അനുപാതത്തിലുള്ള RCCഇനം 5.1.2 ആണ് നൽകിയത്.

V. എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നടത്തുന്നു

പല പ്രവൃത്തികളും എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായാണ് പൂർത്തീകരിക്കുന്നത്/നടപ്പാക്കുന്നതെന്ന് പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഉദാഹരണമായി, പ്രോ.നം.153/23കുഴിപ്പള്ളി കുളം നവീകരണത്തിൽ കുളത്തിന്റെ കരിങ്കൽകെട്ടിന്റെ

നവീകരണവും, തൊട്ടടുത്തുള്ള ഡ്രൈനേജിന്റെ പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ കുളത്തിന്റെ കരിങ്കൽകെട്ട് നവീകരണം നടത്താതെ ഡ്രൈനേജ് നവീകരണം മാത്രമാണ് നടന്നത്. മറ്റൊരു പ്രവൃത്തിയായ കല്ലടമീത്തൽ കോളനി നവീകരണത്തിൽ 55 മീറ്റർ നീളത്തിൽ കരിങ്കൽകെട്ടും, 40 മീറ്റർ നീളത്തിൽ 1.2 വീതിയിൽ ഫുട്ട്പാത്ത് നിർമ്മാണവുമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 41 മീറ്റർ നീളത്തിൽ കരിങ്കൽകെട്ടും, 21.6മീറ്റർ നീളത്തിൽ മൂന്ന മീറ്റർ വീതിയിലുള്ള റോഡിന്റെ നിർമ്മാണവുമാണ് നടന്നത്.

മുകളിൽ വിവരിച്ച പ്രകാരം എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-16 കരിയാത്തൻകാവ് കുളം നവീകരണം -പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കിയതും മറ്റപാകതകളും**

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 11,75,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 10,42,117/-

ഈ പദ്ധതിയിൽ കുളത്തിന്റെ കരിങ്കൽഭിത്തി നിർമ്മാണമാണ് വിഭാവനം ചെയ്തത്. എസ്റ്റിമേറ്റിൽ പഴയ കരിങ്കൽഭിത്തി പൊളിക്കുന്നതും, പഴയ കല്ലും പുതിയ കല്ലും ഉപയോഗപ്പെടുത്തി കരിങ്കൽ ഭിത്തി കെട്ടി, കോൺക്രീറ്റ് ബെൽറ്റ് നൽകുന്നതും, മണ്ണ് ഫില്ലിംഗും വെള്ളം വറ്റിക്കുന്നതിനുള്ള ഇനങ്ങളുമാണ് ഉൾപ്പെടുത്തിയിരുന്നത്. 21.3.2022ന് കരാറിലേർപ്പെട്ട് പ്രവൃത്തി ഏൽപ്പിച്ചു. അളവു പുസ്തകം 84/2021-22പ്രകാരം 22.3.22 ന് പ്രവൃത്തി ആരംഭിച്ചു. നിർമ്മാണത്തിന്റെ ഭൂരിഭാഗം പ്രവൃത്തികളും 8.6.22നുള്ളിൽ പൂർത്തീകരിച്ച് ആദ്യ പാർട്ട് ബിൽ (861601/-)നൽകി. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**1.** 2012ലെ PWD Manualസെക്ഷൻ 1601.1.6പ്രകാരം ഒരു പ്രവൃത്തി നടന്നു വരുമ്പോൾ അതിൽ എന്തെങ്കിലും ഒഴിവാക്കലുകളോ കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ ഉണ്ടാകുമ്പോഴും, യഥാർത്ഥത്തിൽ രൂപകല്പ ചെയ്തതിൽ നിന്ന് വലിയ ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകുമ്പോഴും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പണി പൂർത്തിയാകുന്നതുവരെയോ, പ്രവൃത്തി പരമാവധി പുരോഗതി കൈവരിക്കുന്നത് വരെയോ കാത്തിരിക്കേണ്ടതില്ല. മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് അവസ്ഥകളിൽ ഏതെങ്കിലുമുണ്ടാവുകയാണെങ്കിൽ ഉടൻ തന്നെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അനുമതി വാങ്ങുകയും വേണം. ഈ പ്രവൃത്തിയിലെ പ്രധാന ഇനങ്ങളായ മണ്ണ് പ്രവൃത്തി, കരിങ്കൽ കെട്ട്, കോൺക്രീറ്റ് ബെൽറ്റ്, മണ്ണ് ഫില്ലിംഗ്, വെള്ളം വറ്റിക്കൽ എന്നിവയുടെ അളവിൽ വലിയതോതിലുള്ള മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അളവു പുസ്തകം പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

| പ്രവൃത്തി | എസ്റ്റിമേറ്റിലെ അളവ് | യഥാർത്ഥത്തിൽ പ്രവൃത്തി നടത്തിയ അളവ് | വ്യത്യാസം |
|---|---|---|---|
| Earth Work Excavation | $179.032m^3$ | $41.96m^3$ | -76.56% |
| DR Masonry | $195.056m^3$ | $143.665m^3$ | -26.35% |
| PCC | $0.675m^3$ | $0.142m^3$ | -78.96% |
| Earth Filling | $47.24m^3$ | $106.75m^3$ | +125.97% |

| | | | |
|---|---|---|---|
| Bailing Water | 40hrs | 100hrs | +150% |
| Steel Reinforcement | 1094.115Kg | 666.546Kg | -39.08% |

ആദ്യ പാർട്ട് ബിൽ നൽകിയതിൽ മണ്ണ് ഫില്ലിംഗ് നടത്തിയ അളവ് എസ്റ്റിമേറ്റ് അളവിൽ നിജപ്പെടുത്തി തുക നൽകുകയും, പിന്നീട് 31.8.22 ലെ ഭരണസമിതി തീരുമാനം 43(1) പ്രകാരം എസ്റ്റിമേറ്റ് പുതുക്കി കൂടുതലായി രണ്ടിനങ്ങൾ ഉൾപ്പെടുത്തുകയും, മറ്റിനങ്ങളുടെ അളവുകൾ മുകളിൽ കൊടുത്ത വിധം (ചെയ്ത അളവിൽ) മാറ്റം വരുത്തുകയും ചെയ്തു. പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം ഈ വിധം എസ്റ്റിമേറ്റ് പുതുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

**2.** 22.3.22 മുതൽ 8.6.22 വരെ നടന്ന പ്രവൃത്തികളുടെ മൂല്യം കണക്കാക്കിയാണ് ആദ്യ പാർട്ട് ബിൽ നൽകിയത്. ഇതിനു ശേഷം ഹാന്റ് റെയിലിന്റെ പ്രവൃത്തി നടന്നിട്ടുള്ളത് 2022 ഡിസംബർ മാസമാണ്. ഈ സമയം 60 മണിക്കൂർ Bailing Water ന്റെ അളവും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കുളത്തിനകത്തെ നിർമ്മാണങ്ങളെല്ലാം ജൂൺ മാസത്തിനു മുമ്പേ പൂർത്തീകരിച്ചിട്ടുണ്ടെന്നിരിക്കെ ഹാന്റ് റെയിലിന്റെ പ്രവൃത്തിസമയത്ത് ഈ പ്രവൃത്തി നടത്തിയതിന്റെ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

**3.** ആദ്യ പാർട്ട് ബിൽ നൽകിയതിൽ ഉൾപ്പെട്ട Bailing Waterപ്രവൃത്തി മാർച്ച് 22, 31, ഏപ്രിൽ 4, 8 എന്നീ തിയ്യതികളിലാണ് നടന്നതായി കാണിച്ചിട്ടുള്ളത്. DLRപ്രകാരമുള്ള അളവാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും DLR ഫയലിൽ ലഭ്യമല്ല. ആകെ കണക്കാക്കിയ 100 മണിക്കൂർ പ്രവൃത്തിയുടെ DLR പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-17 ആദായനികുതി റിട്ടേണുകൾ ഫയൽ ചെയ്യതിന് കണ്ടിജൻസി തുക ചെലവഴിച്ചു

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെയും ഘടക സ്ഥാപനമായ ഡയറി എക്സ്റ്റൻഷൻ ഓഫീസിന്റെയും ആദായനികുതി,ജി.എസ്.ടി എന്നിവ ഫയൽ ചെയ്ത വകയിൽ സ്വകാര്യ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തുകയും പണം ചെലവഴിക്കുകയും ചെയ്യുന്നതായി ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി . വിശദാംശം ചുവടെ ചേർക്കുന്നു.

.I

| | |
|---|---|
| പ്രോജക്ട് നം | S0139/23 |
| പ്രോജക്ടിന്റെ പേര് | ഡയറി ഓഫീസ് കണ്ടിജൻസി ചെലവുകൾ |
| അടങ്കൽ | 25000/-(മെയിന്റനൻസ് ഫണ്ട് -റോഡിതരം ) |
| ചെലവ് | 24923 /- |
| ബിൽ സാങ്ഷൻ നം/തുക | 1.66/29/10/22 – 10662/-<br>2.114/09/12/22 - 8889/<br>3.232/16/02/23/- 3520/-<br>4.318/16/03/23 - 1852/<br>**24923** |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി എകസ്റ്റൻഷൻ ഓഫീസർ |

TDS ഫയൽ ചെയ്ത വകയിൽ Artha Data Services എന്ന സ്ഥാപനത്തിന് ഓരോ ക്വാർട്ടറിലും 500/- രൂപ വീതം പ്രസ്തുത സ്ഥാപനത്തിന്റെ ഇൻ വോയിസിന്റെ ( 5458/13/07/22, 5745/10/11/22, 5975/16/02/23) അടിസ്ഥാനത്തിൽ ആകെ 1500/- രൂപ ക്രമ നമ്പർ 1,2,3 ബില്ലിൽ ചെലവഴിച്ചിട്ടുണ്ട്.

.II

| A.ഇൻകം ടാക്സ് റിട്ടേൺ | | |
|---|---|---|
| വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |

| | | |
|---|---|---|
| 22200078/28/05/22 | 6050 | SB Associates ന് ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്ത വകയിൽ |
| 22200719/30/03/23 | 2190 | SB Associates ന് ഇൻകം ടാക്സ് റിട്ടേണ് 26Q3,24Q3 ഫയൽ ചെയ്ത വകയിൽ |
| B.ജി.എസ്.ടി. റിട്ടേൺ | | |
| 22200079/28/05/22 | 400 | Tax Planners ന് ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്ത വകയിൽ |
| 22200609/24/02/23 | 400 | |
| 22200418/28/12/22 | 400 | |
| ചെലവഴിച്ചത് | . | സെക്രട്ടറി |

റിട്ടേണുകൾ തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സപ്പോർട്ട് അടക്കമുള്ള സൗകര്യങ്ങൾ ഇൻകം ടാക്സിന്റെ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് സൈറ്റുകളിലും സൗജന്യമായി ലഭ്യമായിരിക്കെ വലിയ തുക റിട്ടേൺ തയ്യാറാക്കുന്നതിന് വേണ്ടി ചെലവഴിക്കുന്ന നടപടി അഭിലഷണീയമല്ല. മേൽ വിവരിച്ച രീതിയിൽ പണം ചെലവഴിക്കാനുണ്ടായ മേൽ വിവരിച്ച രീതിയിൽ പണം ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (16/22-23/*12.12.2023)* ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റിട്ടേണുകൾ സ്ഥാപനം തന്നെ ഫയൽ/അപ്ലോഡ് ചെയ്യുന്നതിന് ശ്രമിക്കേണ്ടതും, ഇതിനായി ജീവനക്കാരെ പ്രാപ്തരാക്കേണ്ടതും, മറ്റു സ്ഥാപനങ്ങളുടെ സേവനം സ്വീകരിക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഷയത്തിലുണ്ടായ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പുതുക്കുടിക്കുന്ന് എസ്.സി. കോളനി നവീകരണം - അളവു രേഖപ്പെടുത്തിയതിൽ പിശക് -കരാറുകാരന് അധികതുക നൽകി

പ്രോജക്ട് നം.: 159/23

അടങ്കൽ : 5,00,000/-വികസനഫണ്ട് എസ്.സി.പി.

ചെലവ് : 4,75,416/-ബിൽ നം.383/28.3.23

അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പദ്ധതിയിൽ പ്രസ്തുത കോളനിയുടെ ഒരു ഭാഗത്ത് കരിങ്കൽ ഭിത്തി കെട്ടി, കെട്ടിനിടയിലും മുകളിലും കോൺക്രീറ്റ് ബെൽറ്റ് നൽകുകയാണുണ്ടായത്. ഏകദേശം 37.4 M നീളത്തിലാണ് കരിങ്കൽ ഭിത്തി കെട്ടിയത്. ഫൗണ്ടേഷനു മുകളിൽ കരിങ്കൽ കെട്ടിയ അളവിലും, ബെൽറ്റ് നിർമ്മിച്ച അളവിലും ചുവടെ കൊടുക്കും വിധം അവ്യക്തത കണ്ടതിനാൽ പ്രസ്തുത പ്രവൃത്തി നേരിൽ പരിശോധിക്കുകയുണ്ടായി. ഫൗണ്ടേഷനു മുകളിലെ കരിങ്കൽഭിത്തിയുടെ മുകൾ ഭാഗം അവസാനിക്കുന്നത് 80cm, 90cm വീതിയിലും, മിഡിൽ ബെൽറ്റിനു മുകളിലിലെ ഭാഗം അവസാനിക്കുന്നത് 50cmവീതിയിലുമാണ്. എന്നാൽ അളവു പുസ്തകത്തിൽ കരിങ്കൽകെട്ടിന്റെ അളവിലും, കോൺക്രീറ്റ് ബെൽറ്റുകളുടെ അളവിലും വ്യത്യാസം കാണുന്നു. അളവു പുസ്തകം പ്രകാരമുള്ള അളവുകളും, യഥാർത്ഥത്തിലുള്ള അളവുകളും താഴെ ചേർക്കും വിധമാണ്.

| ഫൗണ്ടേഷന മുകളിലെ DR അളവുകൾ | മിഡിൽ ബെൽറ്റ് അളവ് | | | മിഡിൽ ബെൽറ്റിന മുകളിലെ DR | | |
|---|---|---|---|---|---|---|
| | അളവു പുസ്തകത്തിൽ | യഥാർത്ഥ ത്തിൽ അളവ് | വ്യത്യാസം | അളവു പുസ്തകത്തിൽ | യഥാർത്ഥ ത്തിൽ അളവ് | വ്യത്യാസം |
| 6x(.95+80)/2 X1.2 | 6x(.8+1.25)/2x.15 =.922 | 6x.8x.15=.72 | $0.202m^3$ | 6x(1.03+.5)/2 X1=4.59 | 6x(.8+.5)/2x1 =3.9 | $0.69m^3$ |
| 7.5x(.95+.80)/2 X(1.2+1.3)/2 | 7.5x(1.25+1.3)/2x.15 =1.434 | 7.5x.8x.15=.9 | $0.534m^3$ | 7.5x(1.3+.5)/2 X1=6.75 | 7.5x(.8+.5)/2x1 =4.875 | $1.875m^3$ |
| 6.8x(1.1+.9)/2 X1.4 | 8x1x.15=1.2 | 6.8x.9x.15=.918 | $0.138 M^3$ | 8x(1+.5)/2 X1.08=6.48 | 8x(.8+.5)/2x1.08 =5.616 | $0.864m^3$ |
| 1.2x.8x(1.4+.75)/2 | | 1.2x.8x.15=.144 | | | | |
| ആകെ | | | $0.874 M^3$ | | | $3.429m^3$ |

മുകളിൽ വിവരിച്ച വിധത്തിൽ അളവു രേഖപ്പെടുത്തിയതിലെ അപാകത കാരണം കോൺക്രീറ്റിനായി 6555/-(0.874x7500)രൂപയും, കരിങ്കൽ കെട്ടിനായി 12002/-(3.429x3500)രൂപയും അധികമായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

മുകളിൽ വിവരിച്ചത് കൂടാതെ കരിങ്കൽ ഭിത്തിയ്ക്കു മുകളിലെ ടോപ് ബെൽറ്റ് അളവ് രേഖപ്പെടുത്തിയത് രണ്ടു വീതം ബെൽറ്റ് എന്ന വിധമാണ്. എന്നാൽ ഇത് ക്ലറിക്കൽ തെറ്റ് വന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. അളവു പുസ്തകം പ്രകാരം ആകെ $2.79m^3$ കോൺക്രീറ്റ് ഇതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈയളവിന്റെ പകുതി മാത്രമേ(ഒരു ബെൽറ്റ്) യഥാർത്ഥത്തിൽ നടന്നിട്ടുള്ളൂ. ഈയിനത്തിൽ കരാറുകാരന് 10463/-($1.395m^3$x7500)രൂപ അധികം നൽകിയിട്ടുണ്ട്.

മേൽ വിവരിച്ച രീതിയിൽ ഈ പ്രവൃത്തിയിൽ ആകെ 29,020/-രൂപ കരാറുകാരന് അധികം ലഭിച്ചിട്ടുണ്ട്. അധികമായി നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 04.12.2023 | ഈ റിപ്പോർട്ടിന്റെ അതേ നമ്പറും തീയതിയും |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 2254000 | പി.എം.എ.വൈ-ലൈഫ്ഭവന നിർമ്മാണം (ജനറൽ) | 2254000 | 0 |
| | 2022-23 | 3234000 | പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം(പട്ടികജാതി) | 3234000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 1330000 | പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 1330000 | 0 |
| | 2022-23 | 50000 | പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം (പട്ടികവർഗ്ഗം) | 50000 | |
| | 2022-23 | 1960000 | പി.എം.എ.വൈ-ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി) | 1960000 | |
| മുനിസിപ്പൽ കോർപറേഷൻ | 2022-23 | 982940 | പുൽപറമ്പിൽ കുടിവെള്ള പദ്ധതി | 982940 | |
| മുനിസിപ്പൽ കോർപറേഷൻ | 2022-23 | 826459 | എടക്കാട് കോളനി കുടിവെള്ള പദ്ധതി | 826459 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം, തിയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD ഇലക്ട്രിക്കൽ ഡിവിഷൻ കോഴിക്കോട് | മീറ്റിംഗ് ഹാൾ എയർകണ്ടീഷണർ സ്ഥാപിക്കൽ | 373/28.03.2023 | 444080 | 0 | 444080 |
| PWD ഇറിഗേഷൻ ഡിവിഷൻ | ചെറുപുഴ സംരക്ഷണം | 247/21.02.2023 | 1000000 | 0 | 1000000 |
| ആകെ | | | 1444080 | | 1444080 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഇല്ല

**4-6 സ്ഥിര നിക്ഷേപം**

-ഇല്ല-

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999 | 41 (A), 44 | | ശിവഗിരി ശുദ്ധജല പദ്ധതി - മൂല്യനിർണ്ണയം നടത്തിയില്ല. | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെ പകുപ്പ് നടപടിയും അന്വേഷണവും ശുപാർശ ചെയ്തു |
| 1999 | 41 (B), 44 | | പൈലങ്ങോട്ട് പുറം - പാലോകുന്ന് ശുദ്ധജല പദ്ധതി - ക്രമരഹിതമായി മുൻകൂർ നൽകി | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെ വകുപ്പ് നടപടിയും അന്വേഷണവും ശുപാർശ ചെയ്തു |
| 1999 | 41 (C), 44 | | കൊടിയത്തൂർ - | ഇല്ലാത്ത പ്രോജക്ടിനു |

| | | | | |
|---|---|---|---|---|
| | | | കോട്ടമ്മൽ ശുദ്ധജല പദ്ധതി | വേണ്ടിയുള്ള മുൻകൂർ- വകുപ്പുതല നടപടിക്ക് ശുപാർശ |
| 1999-00 | 75 (എ) | | ശിവഗിരി ശുദ്ധജല പദ്ധതി - മൂല്യനിർണ്ണയം നടത്തിയില്ല. | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെ വകുപ്പ് നടപടിയും അന്വേഷണവും ശുപാർശ ചെയ്തു |
| 1999-00 | 75 (ബി), 76 | | പൈലങ്ങോട്ട് പുറം - പാലോകുന്ന് ശുദ്ധജല പദ്ധതി - ക്രമരഹിതമായി മുൻകൂർ നൽകി | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെ പകുപ്പ് നടപടിയും അന്വേഷണവും ശുപാർശ ചെയ്തു |
| 2017-18 | 2.6.4 അനുബന്ധം 4 | Spl Audit Report | ഡെപ്പോസിറ്റ് പ്രവൃത്തികൾ | നിലനിൽക്കുന്നു. |
| 2018-19 | | 2017-18 3-1 | സാധനങ്ങളുടെ സമാഹരണം സർക്കാർ നിർദ്ദേശപ്രകാരമല്ല. പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല | |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 122944986 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 117800644 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29020 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4991758 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 29020 | ശ്രീ. ആസിഫ് അലി<br>അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 3339846 | ശ്രീമതി.പ്രിയ.പി<br>സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 1-9 | 207832 | ശ്രീ. ഡോ. മനലാൽ,<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-10 | 1444080 | ശ്രീമതി.പ്രിയ.പി<br>ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ |

| | | |
|---|---|---|
| ആകെ | 4991758 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക 1-14 13643 രൂപ (GST TDS )

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-ഇല്ല-

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ക്രമ നം. | പേര് | സ്ഥിരം മേൽ വിലാസം |
|---|---|---|
| 1 | ശ്രീമതി.പ്രിയ.പി ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ | അദ്വിക,ഒഴലൂർ, മുക്കം, കോഴിക്കോട് 673602 |
| 2 | ശ്രീ. ഡോ. മനലാൽ | തേവർക്കണ്ടി, തിക്കോടി പി.ഒ, കോഴിക്കോട്- 673529 |
| 3 | ശ്രീ. ആസിഫ് അലി അസിസ്റ്റന്റ് എഞ്ചിനീയർ | വട്ടോൾ ഹൗസ്,കിണാശ്ശേരി,പൊക്കുന്ന് പോസ്റ്റ്, കോഴിക്കോട് 673013 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.**

| | ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | തീർപ്പാക്കാൻ |
|---|---|---|---|---|

| റിപ്പോർട്ട് വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-98 | കെ.എസ്.എ/കെ.കെ.ഡി/ പി8/813/2022 25-05-2022 | 3 | 28, 29, 30 |
| 1998-99 | പി 7/2022/12(2)/15-2-2013 | 2 | 28(1), 37 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി /പി8/899/2022(1) 26-04-2023 | 6 | 38, 39, 40, 42, 44, 45 (1,2,3,4), |
| 2001-02 (പ്ലാൻ) | കെ.എസ്.എ/കെ.കെ.ഡി /പി8/899/2022(2) 16-05-2023 | 7 | 13 എ (1,2,9), 14എ (1, 6, 8, 11, 14, 18, 19), 14ബി (1, 2, 3, 4, 5) 15, 16, 19(1), 21 |
| 2001-2 (ചെലവ്) | എസ് 1 .308/04/08-07-2004 | 5 | 24, 25, 26, 27, 28 |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി /പി8/899/2022(3) 16-05-2023 | 6 | 27, 33, 37, 38, 39, 41 |
| 2003-04 | പി 7/2022/12(7)/15-2-2013 | 4 | 3-1, 3-4, 3-6, 3-9 |
| 2004-05 | കെ.എസ്.എ/കെ.കെ.ഡി /പി8/930/2022(2) 16-05-2023 | 6 | 2-4, 2-5, 2-7(2, 5), 2-8, 2-9, 2-14 |
| 2005-06 | കെ.എസ്.എ/കെ.കെ.ഡി /പി8/899/2022(4) 16-05-2023 | 3 | 3-2, 3-4, 3-7(1,), |
| 2006-07 | കെ.എസ്.എ/കെ.കെ.ഡി /പി8/930/2022(1) 16-05-2023 | 9 | 3-3, 3-5, 3-7(1), 3-8, 3-9, 3-10,3-11, 3-12, 3-22(5) |
| 2007-08 | കെ.എസ്.എ/കെ.കെ.ഡി /പി8/930/2022 16-05-2023 | 7 | 3-2(2), 3-5, 3-10, 3-13, 3-18, 3-21, 3-24 |
| 2008-09 | കെ.എസ്.എ/കെ.കെ.ഡി/ പി8/899/2022(5) 16-05-2023 | 9 | 3-5, 3-6(1,3), 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15(എ,ബി) |
| 2009-10 | കെ.എസ്.എ/കെ.കെ.ഡി /പി8/813/2022(1) 25-05-2023 | 11 | 3-2, 3-4, 3-5(1,2), 3-8, 3-9(2), 3-10, 3-14, 3-15, 3-17, 3-19, 3-20, |
| 2010-11 | കെ.എസ്.എ/കെ.കെ.ഡി(പി8) 813/2022(2) 25-05-2022 | 9 | 2-2, 3-2, 3-3, 3-6, 3-7, 3-8(1) 3-9, 3-10, 3-11 |
| 2011-12 | കെ.എസ്.എ/കെ.കെ.ഡി. (പി8)/899/2022(6) 16-05-23 | 6 | 3-1, 3-2, 3-5(3), 3-6, 3-7(1,4), 3-14 (1, 2, 3, 4, 5, 6, 7, 8, 9, 12,16, 17, 18, 19, 20) |
| 2012-13, 13-14 | കെ.എസ്.എ/കെ.കെ.ഡി (പി8) 813/2022(3)25-05-2022 | 10 | 3-1, 3-2, 3-5, 3-6, 3-10, 3-12, 3-13, 3-15, 3-17 (2, 3, 4, 7), 3-18 |
| 2014-15, 15-16 | കെ.എസ്.എ/കെ.കെ.ഡി(പി8) 813/2022(4) 25-05-2022 | 11 | 3-1, 3-3, 3-12, 3-13, 3-16, 3-19, 3-20 3-22, 3-23, 4-1, 4-2 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി(പി8) 813/2022(5) 25-05-2022 | 9 | 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-10, 3-11 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി(പി8) 813/2022(6) 25-05-2022 | 17 | 1-10, 1-12, 3-1 മുതൽ 3-5 വരെ, 3-7, 3-9 മുതൽ 3-15 വരെ |

| | | | |
|---|---|---|---|
| 2018-19 | നം.കെ.എസ്.എ/കെ.കെ.ഡി/പി11/927/20/14-10-2020 | 14 | 1-8, 1-9, 1-10, 1-11, 1-12,<br>1-14, 1-16, 1-17, 1-18, 1-19 (1) (3) (4) (6) 1-21<br>3-1, 3-2, 4-11 |
| 2019-20 | നം.കെ.എസ്.എ/കെ.കെ.ഡി/പി8/527/2022/25-03-2022 | 16 | 1-1 മുതൽ 1-15 വരെ |
| 2020-21 | നം.കെ.എസ്.എ/കെ.കെ.ഡി/പി8/528/2022/26-03-2022 | 14 | 1-1,1-2,1-5, 1-7 മുതൽ 1-15 വരെ,<br>3-1, 4-11 |
| 2021-22 | നം.കെ.എസ്.എ/കെ.കെ.ഡി/പി8/1968/2022 03-12-2022 | 11 | 1-1,1-2,1-2-1,1-2-2,1-3,1-4,1-5,1-6,<br>1-7,3-1,4-11 |

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 22/2023-24 dated 14-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the kunnamangalam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of kunnamangalam Block Panchayat for the year 2022-2023

**Date: 23/12/2023**

**Joint Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of kunnamangalam Block Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1.Following mandatory financial statements prescribed in accounting rule are not submitted for audit.

a.Ratios.

b.Notes to accounts.

2.Details of all bank accounts not incuded in AFS.

3.Asset register not updated.

4.The project excuted by the Asst.Engineer have been part billed but no amount has been

entered under the head Capital Work in progress.

5.Net increase/decrease in cash flow does not match with the difference between the opening balance and closing balanceof the cash and cash equivalents.

6.E-tender fee not credited to panchayath fund

7. Income and expenses of B-3 Eecess of income over expenditure, are not reflected in trial balance.

8.Rent register mismatch with AFS.

9.Redumption amount not fully refunded

10.deposit register not maintained.

11. Keeping inactive bank accounts

12.anomalies in maintaing advance register.

13.amount paid for deposit works is not included in AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്